"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - കൊല്ലം ജില്ലയിലെ വെളിയം റ്റി.വി.റ്റി.എം.എച്ച്.എസ്.ലെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ശ്രീമതി.റീത്താ രവീന്ദ്രൻ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)No.2087/2023**-ന്റെ **03.02.2023**-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.4123/2023/GEDN തീയതി, തിരുവനന്തപുരം, 13-07-2023

പരാമർശം:-

1. വെളിയം റ്റി.വി.റ്റി.എം.എച്ച്.എസ്.ലെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ശ്രീമതി.റീത്താ രവീന്ദ്രന്റെ **30.11.2022**-ലെ റിവിഷൻ പെറ്റീഷൻ (എക്സിബിറ്റ് പി6)
2. വെളിയം റ്റി.വി.റ്റി.എം.എച്ച്.എസ്.ലെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ശ്രീമതി.റീത്താ രവീന്ദ്രൻ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)No.2087/2023**-ന്റെ **03.02.2023**-ലെ വിധിന്യായം
3. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **DEOKTR/335/2023/B3** നമ്പർ കത്ത്
4. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ **13.04.2023**-ലെ **DDEKLM/610/2023-B4** നമ്പർ കത്ത്
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **20.04.2023**-ലെ ഇറ്റി1/**16075/2022**/ഡിജിഇ നമ്പർ കത്ത്

ഉത്തരവ്

കൊല്ലം ജില്ലയിലെ വെളിയം റ്റി.വി.റ്റി.എം.എച്ച്.എസ്.ലെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ശ്രീമതി.റീത്താ രവീന്ദ്രൻ, ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)No.2087/2023**-ന്റെ **03.02.2023**-ലെ വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ **20.04.2023**-ൽ നേരിൽ കേൾക്കുകയുണ്ടായി.

2) ഹർജിക്കാരിയുടെ വാദങ്ങൾ താഴെ കൊടുക്കുന്നു:

"വെളിയം റ്റി.വി.റ്റി.എം.ഹൈസ്ക്കൂളിലെ അധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് **01.01.2021** പ്രാബല്യത്തിൽ തയ്യാറാക്കി സ്കൂൾ മാനേജരുടെ ചുമതല വഹിക്കുന്ന കൊട്ടാരക്കര ഡി.ഇ.ഒ **23.07.2021**-ലെ ബി3/1244/21 നമ്പർ നടപടി ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. ടി ലിസ്റ്റ് കെ.ഇ.ആർ. ചട്ടപ്രകാരമല്ലാതെ തയ്യാറാക്കിയ സീനിയോറിറ്റി ലിസ്റ്റായിരുന്നതിനാൽ അതിനെതിരെ ഹർജിക്കാരി ബഹു.കേരള ഹൈക്കോടതിയിൽ **WP(C)No.18533/2021** ഫയൽ ചെയ്യുകയും അതിന്മേൽ **10.09.2021**-ൽ ഉണ്ടായ വിധിന്യായപ്രകാരം കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ കൊട്ടാരക്കര ഡി.ഇ.ഒ. പുറപ്പെടുവിച്ച സീനിയോറിറ്റി ലിസ്റ്റ് പുനഃപരിശോധിക്കുകയും കെ.ഇ.ആർ. അധ്യായം **XIV A** ചട്ടം **37(1)**-ലെ വ്യവസ്ഥ പ്രകാരം സീനിയോറിറ്റി ലിസ്റ്റ് ശരിയായി തയ്യാറാക്കി **18.02.2022**-ലെ ബി4/11639/21 നമ്പർ നടപടി ഉത്തരവ് പുറപ്പെടുവിച്ചു. ടി ലിസ്റ്റ് പ്രകാരം ഹർജിക്കാരിയുടെ പേര് സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ **5**-ാമതായും, ഇതേ സ്കൂളിലെ മറ്റൊരു എച്ച്.എസ്.ടി. (ഇംഗ്ലീഷ്) ആയ ശ്രീമതി.പ്രിയാബാബുവിന്റെ പേര് ക്രമനമ്പർ **10**-ാമതായിട്ടുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

വിദ്യാഭ്യാസ ഉപഡയറക്ടർ പുറപ്പെടുവിച്ച സീനിയോറിറ്റി ലിസ്റ്റിനെതിരെ രമ എസ്. എന്ന അധ്യാപിക **WP(C) 7747/22** ഫയൽ ചെയ്യുകയും അതിന്മേൽ **09.03.2022**-ൽ ഉണ്ടായ വിധിന്യായപ്രകാരം എല്ലാ അധ്യാപകരേയും ഹിയറിംഗിനു വിളിക്കുകയും അതിനെ തുടർന്ന് **16.11.2022**-ലെ ഇ.റ്റി1/3636/2022/ഡിജിഇ നമ്പർ നടപടി ഉത്തരവ് പുറപ്പെടുവിച്ചു. ടി ഉത്തരവ് പ്രകാരം കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ പുറപ്പെടുവിച്ച സീനിയോറിറ്റി ലിസ്റ്റ് റദ്ദ് ചെയ്തിരിക്കുകയാണ്.

ഇതിനിടയിൽ **2022-23**-ലെ തസ്തിക നിർണ്ണയ പ്രകാരം ഒരു ഇംഗ്ലീഷ് തസ്തിക കുറഞ്ഞു. സ്വാഭാവികമായും തസ്തിക നഷ്ടപ്പെട്ടാൽ ജൂനിയർ ആയ അധ്യാപകരെയാണ് **R e t r e n c h** ചെയ്യേണ്ടത്. എന്നാൽ കൊട്ടാരക്കര ഡി.ഇ.ഒ.യുടെ **05.08.2022**-ലെ ബി3/45669/22 നമ്പർ നടപടി ഉത്തരവ് പ്രകാരം ബഹു.വിദ്യാഭ്യാസ ഉപഡയറക്ടറുടെ സീനിയോറിറ്റി ലിസ്റ്റിലെ സീനിയറായ ഹർജിക്കാരിയെ **(ക്രമനമ്പർ 5) retrench** ചെയ്യുകയും ജൂനിയറായ ശ്രീമതി.പ്രിയാബാബുവിനെ സ്കൂളിൽ നിലനിർത്തുകയും ചെയ്തു. ഈ

നടപടിക്കെതിരെ ഞാൻ **WP(C)27583/2022** ഫയൽ ചെയ്യുകയും ഡി.ഇ.ഒ.യുടെ ഉത്തരവ് താല്ക്കാലികമായി **stay** ചെയ്തുകൊണ്ട് **26.08.2022**-ൽ വിധിന്യായം ഉണ്ടായി. തുടർന്ന്, **26.10.2022**-ൽ ഉണ്ടായ വിധിന്യായ പ്രകാരം **11.11.2022**-ൽ ഹിയറിംഗ് നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ **23.12.2022**-ലെ ഉത്തരവ് പ്രകാരം ഹർജിക്കാരിയെ കൊല്ലം **SSK**-യുടെ കീഴിൽ സംരക്ഷിതാധ്യാപികയായി നിയമിക്കുകയും വെളിയം **BRC**-യിൽ **CRC** കോ- ഓർ ഡിനേറ്ററായി **24.12.2022 FN** പ്രാബല്യത്തിൽ നിയമിക്കുകയും തസ്തിക ഇല്ലാതെ വെളിയം **TVTMHS**-ൽ നിലനിന്ന കാലം **Non Duty** ആയി ക്രമവൽക്കരിക്കണമെന്നും ഉത്തരവായിരിക്കുകയാണ്. തന്മൂലം **15.07.2022** മുതൽ **23.12.2022** വരെ ശമ്പളം ലഭിക്കാത്ത സാഹചര്യമാണ്. **2022-23**-ലെ തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെടുവിച്ചത് **05.08.2022**-ലാണ്. തുടർന്ന് ഹർജിക്കാരി സ്കൂളിൽ തുടർന്നത് ബഹു.ഹൈക്കോടതിയുടെ **Stay Order** പ്രകാരമാണ്. ബഹു. കേരളാ ഹൈക്കോടതിയുടെ **26.10.2022**-ലെ വിധിന്യായപ്രകാരം ബഹു.വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുന്നത് **23.12.2022**-ലാണ്. ടി കാലമത്രയും ഹർജിക്കാരി മാതൃസ്കൂളിൽ തുടർസേവനം അനുഷ്ഠിച്ചിട്ടുള്ളതാണ്. ശമ്പളം ലഭിച്ചിട്ടുള്ളതുമാണ്. ഒന്നാമത് സീനിയോറിറ്റി പരിഗണിക്കാതെ ഹർജിക്കാരിയെ പുനർവിന്യസിച്ചിരിക്കുന്നു. രണ്ടാമത് ഹർജിക്കാരിയുടേതല്ലാത്ത കാരണത്താൽ സേവനകാലത്തിനിടയിൽ **Non Duty** ഉണ്ടായിരിക്കുന്നു.

ഹർജിക്കാരിയെ മാതൃസ്കൂളിൽ നിലനിർത്താതെ സംരക്ഷിതാധ്യാപികയായി പുനർവിന്യാസിച്ചിരിക്കുന്നതിനു കാരണമായി പറഞ്ഞിരിക്കുന്നത് ഹർജിക്കാരിയെ സീനിയറാക്കിക്കൊണ്ടുള്ള വിദ്യാഭ്യാസ ഉപഡയറക്ടറുടെ **18.02.2022**-ലെ ബി4/**11639/21** നമ്പർ ഉത്തരവ് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **16.11.2022**-ലെ **ET/3636/22** നമ്പർ ഉത്തരവ് പ്രകാരം റദ്ദ് ചെയ്തിരിക്കുന്നു എന്നതാണ്. എന്നാൽ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ **16.11.2022**-ലെ ഉത്തരവ് ബഹു.കേരള ഹൈക്കോടതിയിൽ **WP(C)No.37315/2022** പ്രകാരം ചോദ്യം ചെയ്യപ്പെടുകയും **21.11.2022**-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ **07.12.2022**-ൽ ഗവൺമെന്റ് ഹിയറിംഗ് നടത്തിയിട്ടുള്ളതും ഇതുവരെയും തീരുമാനം ഉണ്ടായിട്ടില്ലാത്തതുമാണ്.

സീനിയോറിറ്റി സംബന്ധിച്ച് തർക്കം ബഹു.ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കെ, ഹർജിക്കാരിയെ പുനർവിന്യസിക്കുകയും കോടതിവിധി പ്രകാരം സ്കൂളിൽ തുടർന്ന ഹർജിക്കാരിയുടെ സേവനകാലം **15.07.2022** മുതൽ **Non Duty** ആയി ക്രമവൽക്കരിച്ചതും നിയമവിരുദ്ധവും അനീതിയുമാണ്.

വെളിയം **TVTMHS**-ലെ അധ്യാപകരുടെ ശരിയായ സീനിയോറിറ്റി ലിസ്റ്റ്, കെ.ഇ.ആർ. ചട്ടപ്രകാരം ബഹു.വിദ്യാഭ്യാസ ഉപഡയറക്ടർ തയ്യാറാക്കി പ്രസിദ്ധീകരിച്ചതാണ്. സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് തർക്കം ബഹു.ഗവൺമെന്റിന്റെ പരിഗണനയിലായിരിക്കുന്നതിനാൽ അന്തിമ ഉത്തരവ് ഗവൺമെന്റിൽ നിന്നും ഉണ്ടാകുന്നതുവരെ ഹർജിക്കാരിയെ പുനർവിന്യസിച്ചതും ഹർജിക്കാരിയുടെ സേവനകാലം **Non Duty** ആയി ക്രമവൽക്കരിച്ചതും റദ്ദ് ചെയ്ത് ഉത്തരവുണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

എയ്ഡഡ് സ്കൂൾ അധ്യാപകരുടെ സീനിയോറിറ്റി സംബന്ധിച്ച് കെ.ഇ.ആർ. അധ്യായം **XIV A** ചട്ടം **37(1)**-ൽ വ്യക്തമാക്കിയിട്ടുണ്ട്. തുടർച്ചയായ സേവന ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ വേണം സീനിയോറിറ്റി കണക്കാക്കേണ്ടത്. അല്ലാതെ സേവനമാരംഭിച്ച തീയതിയല്ല സീനിയോറിറ്റിക്കാധാരം. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരം തയ്യാറാക്കിയതാണ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ സീനിയോറിറ്റി ലിസ്റ്റ്.

തസ്തികയില്ലാതെ പുറത്താകേണ്ടി വരുമ്പോഴും സീനിയോറിറ്റി മാത്രമാണ് മാനദണ്ഡം. എല്ലാ വർഷവും ജനുവരി ഒന്ന് പ്രാബല്യത്തിൽ തയ്യാറാക്കുന്ന സീനിയോറിറ്റി ലിസ്റ്റിനെ അടിസ്ഥാനപ്പെടുത്തിയാണ് പ്രൊമോഷനും റിടഞ്ച് മെന്റും എല്ലാം മാനദണ്ഡം."

3) വെളിയം റ്റി.വി.റ്റി.എം.എച്ച്.എസ്.ലെ സീനിയോറിറ്റി ലിസ്റ്റിൽ ഹർജിക്കാരി തർക്കം ഉന്നയിച്ചിട്ടുള്ള അധ്യാപകരിൽ ഉൾപ്പെടുന്ന ശ്രീമതി.രമ എസ്., എച്ച്.എസ്.ടി.(ഗണിതം), ശ്രീമതി.പ്രിയാബാബു, എച്ച്.എസ്.ടി. (ഇംഗ്ലീഷ്) എന്നിവരുടെ വാദങ്ങൾ താഴെ കൊടുക്കുന്നു-

1. ശ്രീമതി.പ്രിയ ബാബു

റ്റി.വി.റ്റി.എം.എച്ച്.എസ്.ലെ എച്ച്.എസ്.ടി.(ഗണിതം) തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീമതി.രമ എസ്., എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീമതി.പ്രിയ ബാബു എന്നിവർ സർവ്വീസിൽ പ്രവേശിച്ച ശേഷം ദീർഘകാല അവധിയിൽ പോയതിനാൽ പ്രസ്തുത അദ്ധ്യാപകരുടെ സർവ്വീസിന് ഭംഗം **(break)** വന്നിട്ടുള്ളതായും അതിനാൽ അവധി കഴിഞ്ഞ് സർവ്വീസിൽ പുനഃപ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ പ്രസ്തുത അദ്ധ്യാപകരുടെ സീനിയോറിറ്റി പരിഗണിക്കാൻ കഴിയുകയുള്ളൂവെന്നും അക്കാരണത്താൽ ഹർജിക്കാരിയായ ശ്രീമതി.റീത്ത രവീന്ദ്രന് മേൽപ്പറഞ്ഞ അദ്ധ്യാപകർക്ക് മുകളിലായി സീനിയോറിറ്റി നിശ്ചയിച്ച് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ പുറപ്പെടുവിച്ച **18.02.2022**-ലെ **ബി4/11639/2021** നമ്പർ ഉത്തരവ് നിലനിർത്തി ഉത്തരവാകുന്നതിനാണ് ടിയാൾ സമർപ്പിച്ച എക്സിബിറ്റ് **പി6** ഹർജിയിൽ അപേക്ഷിച്ചിരിക്കുന്നത്.

ശ്രീമതി.പ്രിയ ബാബു **5.6.2006** പ്രാബല്യത്തിൽ വെളിയം ടി.വി.ടി.എം.ഹൈസ്കൂളിൽ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും നിയമനാംഗീകാരം ലഭിച്ച് തുടർന്നു വരികയുമാണ്. അതിനാൽ ടിയാളുടെ തുടർച്ചയായ സർവ്വീസ് **05.06.2006** മുതൽ പ്രാബല്യത്തിലാണ്. അപ്രകാരം സർവ്വീസിൽ തുടരവേ, ഒരു വർഷത്തെ സേവനം പൂർത്തിയാക്കിയതിനെ തുടർന്ന് ടിയാളുടെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിലെ പ്രൊബേഷൻ **05.06.2007** പ്രാബല്യത്തിൽ പൂർത്തിയാക്കിയിട്ടുള്ളതും അത് സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. പ്രൊബേഷൻ പൂർത്തിയാക്കിയതിന് ശേഷം ടിയാൾ **16.09.2009** മുതൽ വിവിധ ഘട്ടങ്ങളിലായി **09.08.2019** വരെ അപ്പന്റിക്സ് **XII C** പ്രകാരം ദീർഘകാല അവധിക്ക് അപേക്ഷിച്ചിട്ടുള്ളതും അത് തസ്തിക തുടരുന്നതിനാൽ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

ശ്രീമതി.പ്രിയബാബുവിന്റെ **05.06.2006** പ്രാബല്യത്തിലുള്ള എച്ച്.എസ്.ടി. (ഇംഗ്ലീഷ്) തസ്തികയിലെ നിയമനാംഗീകാര വിഷയത്തിൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ പിൽക്കാലത്ത് ഓഡിറ്റ് തടസ്സവാദങ്ങൾ ഉന്നയിച്ചിരുന്നുവെങ്കിലും പ്രസ്തുത ഓഡിറ്റ് തടസ്സവാദങ്ങൾ അനാവശ്യവും

അസ്ഥാനത്തുള്ളതുമാണ് എന്ന് സർക്കാർ കണ്ടെത്തുകയും ശ്രീമതി.പ്രിയബാബുവിന്റെ **05.06.2006** മുതലുള്ള നിയമനാംഗീകാരം സാധൂകരിച്ച് **07.07.2021**-ലെ സ.ഉ.(സാധാ)നം.**3300/2021**/പൊ.വി.വ. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടിയാളുടെ പ്രൊബേഷൻ പൂർത്തിയാക്കിയതിന് ശേഷമാണ് **16.09.2009** മുതൽ **09.08.2019** വരെ വിവിധ ഘട്ടങ്ങളിലായി അപ്പന്റിക്സ് **XII** സി പ്രകാരം ദീർഘകാല അവധി അനുവദിച്ചിട്ടുള്ളത്. അതിനാൽ ഈ കാലയളവിൽ സേവനഭംഗം ഒന്നും തന്നെ ഉണ്ടായിട്ടില്ല. സർവ്വീസിൽ തുടരുന്ന അദ്ധ്യാപകർക്ക് ദീർഘകാല അവധി അനുവദിക്കുന്നത് തസ്തിക നിലനിൽക്കുന്നതുവരെ മാത്രമാണ്. അതിനാൽ ഹർജിക്കാരിയെ നിയമിച്ച തസ്തിക അവധിക്കാലയളവിലും തുടരുന്ന സാഹചര്യത്തിലാണ് മേൽപ്പറഞ്ഞ പ്രകാരം ദീർഘകാല അവധി അനുവദിച്ചിട്ടുള്ളത്. അവധിക്കാലയളവിൽ പകരം നിയമിക്കപ്പെടുന്ന അദ്ധ്യാപിക **leave substitute** എന്ന നിലയിൽ നിയമനാംഗീകാരം ലഭിക്കുകയും എന്നാൽ ലീവിൽ പോയ അദ്ധ്യാപിക തിരികെ വരുമ്പോൾ തസ്തിക ഒഴിഞ്ഞുകൊടുക്കേണ്ടതുമാണ്.

വെളിയം ടി.വി.ടി.എം.ഹൈസ്ക്കൂളിന്റെ മാനേജ്മെന്റ് തർക്കം നിലനിൽക്കുന്ന സാഹചര്യത്തിൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂളിന്റെ എക്സ് ഒഫീഷ്യോ മാനേജരായി തുടരുന്നു. **2016**-ന് ശേഷം സ്കൂളിന്റെ സീനിയോറിറ്റി ലിസ്റ്റ് അതാത് വർഷങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നില്ല. തുടർന്ന് **01.01.2001** പ്രാബല്യത്തിൽ പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിൽ **05.06.2006** മുതൽ റഗുലർ അടിസ്ഥാനത്തിൽ സേവനത്തിൽ തുടർന്നുവരുന്ന ശ്രീമതി.പ്രിയബാബുവിനെ ക്രമനം.**5** ആയി സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ശ്രീമതി.പ്രിയ ബാബു **16.09.2009** മുതൽ **09.08.2019** വരെ അപ്പന്റിക്സ് **12**സി പ്രകാരം ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുള്ളതിനാൽ ടിയാൾക്ക് സേവനഭംഗം ഉണ്ടായിട്ടുള്ളതാണെന്നും അതിനാൽ **10.08.2019** മുതൽ അവധി കഴിഞ്ഞ് ജോലിയിൽ പുനഃപ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ സീനിയോറിറ്റി പരിഗണിക്കാൻ കഴിയുകയുള്ളൂവെന്നും അതിനാൽ സീനിയോറിറ്റി പുനഃക്രമീകരിച്ച് ഉത്തരവാകുന്നതിനായി കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ശ്രീമതി.റീത്താ രവീന്ദ്രൻ അപ്പീൽ ഹർജി സമർപ്പിച്ചു. പ്രസ്തുത അപ്പീൽ ഹർജി കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ പരിഗണനയിലെടുക്കുകയും ദീർഘകാല

അവധിയിൽ പ്രവേശിച്ചവരുടെ സീനിയോറിറ്റി നഷ്ടപ്പെടുമെന്നും സർവ്വീസിൽ പുനഃപ്രവേശിച്ചതിന് ശേഷം മാത്രമേ സീനിയോറിറ്റി പരിഗണിക്കാൻ കഴിയുകയുള്ളൂവെന്നും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവായി. പ്രസ്തുത ഉത്തരവിൽ ശ്രീമതി.പ്രിയബാബു ദീർഘകാല അവധിയിൽ പോയതിനാൽ സീനിയോറിറ്റി നഷ്ടപ്പെടുന്നു എന്ന നിഗമനത്തിൽ ടിയാളുടെ ക്രമനമ്പർ 5 ആയി നിർണ്ണയിച്ചിരുന്ന സീനിയോറിറ്റി ക്രമനമ്പർ 10-ലേക്ക് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ പ്രസ്തുത ഉത്തരവ് പ്രകാരം പിൻതള്ളപ്പെട്ടിട്ടുള്ളതുമാണ്.

30.12.2005-ലെ 72/2005/ഫിൻ നമ്പർ സർക്കാർ സർക്കുലറിൽ സർവ്വീസിൽ പ്രവേശിച്ച് പ്രൊബേഷൻ ഡിക്ലയർ ചെയ്തതിന് ശേഷം അപ്പന്റിക്സ് 12എ, 12ബി, 12സി പ്രകാരം അവധിയിൽ പോകുന്നവരുടെ അവധിക്കാലയളവിലെ സീനിയോറിറ്റി/പ്രൊമോഷൻ/വാർഷിക വേതന-വർദ്ധനവ്/ഹയർ ഗ്രേഡ് എന്നിവയ്ക്ക് അർഹത നഷ്ടപ്പെടുന്നുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. അതിനാൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തതിനു ശേഷം അപ്പന്റിക്സ് 12എ, 12ബി, 12സി പ്രകാരം അവധിയിൽ പോകുന്നവർക്ക് സീനിയോറിറ്റി നഷ്ടപ്പെടുന്നില്ല എന്നും തുടർച്ചയായ സേവനം നിലനിൽക്കുന്നുണ്ട് എന്നും വ്യക്തമാണ്.

മേൽ സാഹചര്യത്തിൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവിനെതിരെ ശ്രീമതി.രമ എസ്., ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ ഹർജി ഫയൽ ചെയ്യുകയും പ്രസ്തുത ഹർജിയിന്മേൽ സമയബന്ധിതമായ തീരുമാനമുണ്ടാകുന്നതിന് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി മുമ്പാകെ WPC No.7747/2022 ഫയൽ ചെയ്യുകയുമുണ്ടായി. പ്രസ്തുത റിട്ട് ഹർജിയിലെ 09.03.2022-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വെളിയം ടി.വി.ടി.എം.ഹൈസ്ക്കൂളിലെ ശ്രീമതി.റീത്ത രവീന്ദ്രൻ ഉൾപ്പെടെയുള്ള അദ്ധ്യാപകരെ പൊതുവിദ്യാഭ്യാസ ഡയറക്ടർ നേരിൽ കേൾക്കുകയും 16.11.2022-ലെ ഇ.ടി1/3636/2022/ഡി.ജി.ഇ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ഉത്തരവിൽ പ്രൊബേഷൻ പൂർത്തിയാക്കിയതിന് ശേഷം അപ്പന്റിക്സ് 12എ, 12ബി, 12സി പ്രകാരം ശമ്പളരഹിത അവധിയിൽ പ്രവേശിക്കുന്നവരുടെ സീനിയോറിറ്റി നഷ്ടപ്പെടുന്നില്ല എന്നും സർവ്വീസിൽ പുനഃപ്രവേശിക്കുന്നതോടെ നിയമന

തീയതി മുതലുള്ള സീനിയോറിറ്റി നിലനിൽക്കുന്നതാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ കണ്ടെത്തുകയും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ **18.02.2022**-ലെ ഉത്തരവ് റദ്ദ് ചെയ്യുകയുമുണ്ടായിട്ടുള്ളതാണ്.

ഇതിനിടയിൽ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) രണ്ടാമത്തെ അംഗീകൃത തസ്തികയിൽ തുടരവെ, തസ്തിക നഷ്ടപ്പെട്ട ഹർജിക്കാരിയായ ശ്രീമതി.റീത്ത രവീന്ദ്രനെ ടിയാൾ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിലെ ജൂനിയർ അദ്ധ്യാപികയായതിനാൽ ടിയാളെ സംരക്ഷണാനുകൂല്യം നൽകി പുനർവിന്യസിച്ചുകൊണ്ട് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ **2022-23**ലെ തസ്തികനിർണ്ണയ ഉത്തരവ് പുറപ്പെടുവിച്ചു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ ഹർജിക്കാരിയായ ശ്രീമതി.റീത്ത രവീന്ദ്രൻ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ ഹർജി സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ ഹർജിയിന്മേൽ തീരുമാനമെടുക്കുന്നതിനായി ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ **WP(C)27583/2022** ഫയൽ ചെയ്യുകയുമുണ്ടായി. പ്രസ്തുത റിട്ട് ഹർജിയിലെ **20.10.2022**-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ടി.വി.ടി.എം ഹൈസ്ക്കൂളിലെ എല്ലാ അദ്ധ്യാപകരെയും നേരിൽ കേൾക്കുകയും **23.12.2022**-ലെ **DDEKLM/4914/2022-B4** നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിൽ പ്രൊബേഷൻ പൂർത്തീകരിച്ചതിന് ശേഷം എടുക്കുന്ന അപ്പന്റിക്സ് **12**എ, **12**ബി, **12**സി പ്രകാരമുള്ള ശൂന്യവേതനാവധികൾ പ്രസ്തുത അവധിയുടെ കാലയളവിൽ മാത്രമാണ് സീനിയോറിറ്റി, സ്ഥാനക്കയറ്റം, ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ ആർജ്ജിത അവധി എന്നിവയ്ക്ക് പരിഗണിക്കാൻ കഴിയാത്തത് എന്ന് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവായിട്ടുള്ളതാണ്. അക്കാരണത്താൽ **01.06.2011** മുതൽ മാത്രം എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിൽ സേവനം ആരംഭിച്ച ഹർജിക്കാരിയായ ശ്രീമതി.റീത്ത രവീന്ദ്രൻ സീനിയോറിറ്റി അവകാശപ്പെടാൻ കഴിയില്ല എന്നും **01.06.2011** മുതൽ മാത്രമേ ടിയാളുടെ സീനിയോറിറ്റി പരിഗണിക്കാൻ കഴിയുള്ളൂവെന്നും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവായിട്ടുള്ളതുമാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **16.11.2022**-ലെ ഇടി**1/3636/2022**/ഡിജിഇ നമ്പർ ഉത്തരവ് പ്രകാരം കൊല്ലം

വിദ്യാഭ്യാസ ഉപഡയറക്ടറുടെ **18.02.2022**-ലെ ഉത്തരവിനെ ആസ്പദമാക്കിയുള്ള ശ്രീമതി.റീത്ത രവീന്ദ്രന്റെ വാദഗതികൾ നിലനിൽക്കുന്നതല്ല എന്നും അതിനാൽ റീത്ത രവീന്ദ്രന്റെ ഹർജി നിരസിച്ചും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവായിട്ടുള്ളതാണ്.

ശ്രീമതി.റീത്ത രവീന്ദ്രൻ തസ്തിക നഷ്ടപ്പെട്ടതിനെ തുടർന്ന് ടിയാരി തസ്തികയില്ലാതെ നിലനിന്ന കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിക്കുന്നതിനും **20.06.2022**-ലെ സ.ഉ.(അച്ചടി)**7/2022**/പൊ.വി.വ.ന്റെ വെളിച്ചത്തിൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവായിട്ടുള്ളതുമാണ്. **20.06.2022**-ലെ സ.ഉ.(അച്ചടി)**7/2022**/പൊ.വി.വ.ൽ, ഇനി മുതൽ തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകർ തസ്തികയില്ലാതെ പുറത്തു നിൽക്കുന്ന കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവായിട്ടുള്ളതുമാണ്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ ഹർജിക്കാരിയായ ശ്രീമതി.റീത്ത രവീന്ദ്രൻ സർക്കാർ മുമ്പാകെ സമർപ്പിച്ച **30.11.2022**-ലെ ഹർജി പൂർണ്ണമായും അടിസ്ഥാനരഹിതവും ചട്ടങ്ങൾക്ക് വിരുദ്ധവുമായതിനാൽ നിരസിച്ച് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

<u>ശ്രീമതി.രമ</u> <u>എസ്.</u>

ശ്രീമതി.രമ എസ്. **17.10.1992**-ൽ വെളിയം ടി.വി.ടി.എം ഹൈസ്ക്കൂളിൽ എച്ച്.എസ്.ടി. (ഗണിതം) തസ്തികയിൽ സേവനം ആരംഭിച്ചു. ടിയാളുടെ തുടർച്ചയായ സർവ്വീസ് **07.06.1993** മുതൽ പ്രാബല്യത്തിലാണ്. **15.07.1997**-ൽ തസ്തിക നഷ്ടപ്പെട്ട് പുറത്തായെങ്കിലും **29.09.1999**-ലെ ജി.ഒ.(പി)**240/99**/പൊവിവ -പ്രകാരം സംരക്ഷണാനുകൂല്യം ലഭിച്ച അദ്ധ്യാപിക ആയതിനാൽ **29.09.1999**-ലെ ജി.ഒ.(പി)**240/99**/പൊ.വി.വ പ്രകാരം **15.07.1997** മുതൽ **30.09.1999** വരെയുള്ള പുറത്തുനിന്ന കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ചിട്ടുള്ളതുമാണ്. **17.10.1992** മുതൽ **31.03.1993** വരെയും **07.06.1993** മുതൽ റഗുലർ അടിസ്ഥാനത്തിൽ തുടർച്ചയായുമുള്ള സേവനത്തിനിടയിൽ ഒരു വർഷത്തെ സേവന കാലയളവ് **21.12.1993**-ൽ പൂർത്തിയാക്കിയിട്ടുള്ളതിനാൽ അന്നേ ദിവസം പ്രാബല്യത്തിൽ തന്നെ

എച്ച്.എസ്.ടി.(ഗണിതം) തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടുള്ളതും അത് സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

ശ്രീമതി.രമ എസ്.ന്, ടിയാളുടെ പ്രൊബേഷൻ പൂർത്തിയാക്കിയതിന് ശേഷം **01.04.2000** മുതൽ **05.06.2001** വരെയും **01.09.2010** മുതൽ **03.06.2012** വരെയും അപ്പെന്റിക്സ് **XII** സി പ്രകാരം ദീർഘകാല അവധി അനുവദിച്ചിട്ടുള്ളതുമാണ്. അതിനാൽ ഈ കാലയളവ് അവധിയായി ക്രമീകരിച്ച് കഴിഞ്ഞിട്ടുള്ളതിനാൽ സേവനഭംഗം ഒന്നും തന്നെ ഉണ്ടായിട്ടില്ല. സർവ്വീസിൽ തുടരുന്ന അദ്ധ്യാപികയ്ക്ക് ദീർഘകാല അവധി അനുവദിക്കുന്നത് തസ്തിക നിലനിൽക്കുന്നതുവരെ മാത്രമാണ്. അതിനാൽ ഹർജിക്കാരിയെ നിയമിച്ച തസ്തിക അവധിക്കാലയളവിലും തുടരുന്ന സാഹചര്യത്തിലാണ് മേൽപ്പറഞ്ഞ പ്രകാരം ദീർഘകാല അവധി അനുവദിച്ചിട്ടുള്ളത്. അവധിക്കാലയളവിൽ പകരം നിയമിക്കപ്പെടുന്ന അദ്ധ്യാപിക **leave substitute** എന്ന നിലയിൽ നിയമനാംഗീകാരം ലഭിക്കുകയും എന്നാൽ ലീവിൽ പോയ അദ്ധ്യാപിക തിരികെ വരുമ്പോൾ തസ്തിക ഒഴിഞ്ഞു കൊടുക്കേണ്ടതുമാണ്.

വെളിയം ടി.വി.ടി.എം. ഹൈസ്ക്കൂളിന്റെ മാനേജ്മെന്റ് തർക്കം നിലനിൽക്കുന്ന സാഹചര്യത്തിൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂളിന്റെ എക്സ് ഓഫിഷ്യോ മാനേജരായി തുടരുന്നു. **2016**-ന് ശേഷം സ്കൂളിന്റെ സീനിയോറിറ്റി ലിസ്റ്റ് അതാത് വർഷങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നില്ല. തുടർന്ന് **01.01.2021** പ്രാബല്യത്തിൽ പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിൽ **07.06.1993** മുതൽ റഗുലർ അടിസ്ഥാനത്തിൽ സേവനത്തിൽ തുടർന്നുവരുന്ന ശ്രീമതി.രമ എസ്.നെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ **1** ആയി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ശ്രീമതി.രമ എസ്. **01.04.2000** മുതൽ **05.06.2001** വരെയും **01.09.2010** മുതൽ **03.06.2012** വരെയും അപ്പന്റിക്സ് **12**സി പ്രകാരം ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുള്ളതിനാൽ ടിയാൾക്ക് സേവനഭംഗം ഉണ്ടായിട്ടുള്ളതാണെന്നും, അതിനാൽ **03.06.2012** മുതൽ അവധി കഴിഞ്ഞ് ജോലിയിൽ പുനഃപ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ സീനിയോറിറ്റി പരിഗണിക്കാൻ കഴിയുകയുള്ളൂവെന്നും കൂടാതെ ഇതേ സ്കൂളിലെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിൽ സേവനം അനുഷ്ഠിച്ചുവരുന്ന ശ്രീമതി.പ്രിയ ബാബുവും **16.09.2009** മുതൽ **9.8.2019** വരെ അപ്പന്റിക്സ് **12**സി

പ്രകാരം ദീർഘകാല അവധിയിൽ പ്രവേശിച്ചതിനാൽ ടിയാളുടെ സീനിയോറിറ്റി സർവ്വീസിൽ പുനഃപ്രവേശിച്ച **10.08.2019** മുതൽ മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂവെന്നും അതിനാൽ സീനിയോറിറ്റി പുനഃക്രമീകരിച്ച് ഉത്തരവാകുന്നതിനായി കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ശ്രീമതി.റീത്ത രവീന്ദ്രൻ അപ്പീൽ ഹർജി സമർപ്പിച്ചു. പ്രസ്തുത അപ്പീൽ ഹർജി കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ പരിഗണനയിലെടുക്കുകയും ദീർഘകാല അവധിയിൽ പ്രവേശിച്ചവരുടെ സീനിയോറിറ്റി നഷ്ടപ്പെടുമെന്നും സർവ്വീസിൽ പുനഃപ്രവേശിച്ചതിന് ശേഷം മാത്രമേ സീനിയോറിറ്റി പരിഗണിക്കാൻ കഴിയുകയുള്ളൂവെന്നും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവായി. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ പ്രസ്തുത ഉത്തരവിൽ ശ്രീമതി.രമ എസ്. ദീർഘകാല അവധിയിൽ പോയതിനാൽ സീനിയോറിറ്റി നഷ്ടപ്പെടുന്നു എന്ന നിഗമനത്തിൽ ടിയാളുടെ ക്രമനമ്പർ **1** ആയി നിർണ്ണയിച്ചിരുന്നത് സീനിയോറിറ്റി ക്രമനമ്പർ **6**-ലേക്ക് ഉപഡയറക്ടറുടെ **18.02.2022**-ലെ ഉത്തരവ് പ്രകാരം പിൻതള്ളിയിട്ടുള്ളതുമാണ്.

30.12.2005-ലെ **72/2005**/ഫിൻ നമ്പർ സർക്കാർ സർക്കുലറിൽ സർവ്വീസിൽ പ്രവേശിച്ച് പ്രൊബേഷൻ ഡിക്ലയർ ചെയ്തതിന് ശേഷം അപ്പന്റിക്സ് **12**എ, **12**ബി, **12**സി പ്രകാരം അവധിയിൽ പോകുന്നവരുടെ അവധിക്കാലയളവിലെ സീനിയോറിറ്റി/പ്രൊമോഷൻ/വാർഷിക വേതന വർദ്ധനവ്/ഹയർഗ്രേഡ് എന്നിവയ്ക്ക് അർഹത നഷ്ടപ്പെടുന്നുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. അതിനാൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തതിനുശേഷം അപ്പന്റിക്സ് **12**എ, **12**ബി, **12**സി പ്രകാരം അവധിയിൽ പോകുന്നവർക്ക് സർവ്വീസിൽ പുനഃപ്രവേശിക്കുന്നതിനെ തുടർന്ന് സീനിയോറിറ്റി നഷ്ടപ്പെടുന്നില്ല എന്നും തുടർച്ചയായ സേവനം നിലനിൽക്കുന്നുണ്ട് എന്നും വ്യക്തമാണ്.

മേൽ സാഹചര്യത്തിൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവിനെതിരെ ശ്രീമതി.രമ എസ്. ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ ഹർജി ഫയൽ ചെയ്യുകയും പ്രസ്തുത ഹർജിയിന്മേൽ സമയബന്ധിതമായ തീരുമാനമുണ്ടാകുന്നതിന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ **WP(C)No.7747/2022** ഫയൽ ചെയ്യുകയുമുണ്ടായി.

പ്രസ്തുത റിട്ട് ഹർജിയിലെ **09.03.2022**-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വെളിയം ടി.വി.ടി.എം ഹൈസ്ക്കൂളിലെ ശ്രീമതി.റീത്ത രവീന്ദ്രൻ ഉൾപ്പെടെയുള്ള അദ്ധ്യാപകരെ പൊതുവിദ്യാഭ്യാസ ഡയറക്ടർ നേരിൽ കേൾക്കുകയും **16.11.2022**-ലെ ഇ.ടി1/**3636/2022**/ഡിജിഇ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ഉത്തരവിൽ പ്രൊബേഷൻ പൂർത്തിയാക്കിയതിന് ശേഷം അപ്പന്റിക്സ് **12**എ, **12**ബി, **12**സി പ്രകാരം ശമ്പളരഹിത അവധിയിൽ പ്രവേശിക്കുന്നവരുടെ സീനിയോറിറ്റി നഷ്ടപ്പെടുന്നില്ല എന്നും സർവ്വീസിൽ പുനഃപ്രവേശിക്കുന്നതോടെ നിയമന തീയതി മുതലുള്ള സീനിയോറിറ്റി നിലനിൽക്കുന്നതാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവാകുകയും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ **18.2.2022**-ലെ ഉത്തരവ് റദ്ദ് ചെയ്യുകയുമുണ്ടായിട്ടുള്ളതാണ്.

ഇതിനിടയിൽ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ എച്ച്.എസ്.ടി. (ഇംഗ്ലീഷ്) രണ്ടാമത്തെ അംഗീകൃത തസ്തികയിൽ തുടരവെ, തസ്തിക നഷ്ടപ്പെട്ട ഹർജിക്കാരിയായ ശ്രീമതി.റീത്ത രവീന്ദ്രനെ ടിയാൾ എച്ച്.എസ്.ടി. (ഇംഗ്ലീഷ്) തസ്തികയിലെ ജൂനിയർ അദ്ധ്യാപികയായതിനാൽ ടിയാളെ സംരക്ഷണാനുകൂല്യം നൽകി പുനർവിന്യസിക്കുന്നതിന് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ **2022-23**-ലെ തസ്തികനിർണ്ണയ ഉത്തരവ് പുറപ്പെടുവിച്ചു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ ഹർജിക്കാരിയായ ശ്രീമതി.റീത്ത രവീന്ദ്രൻ, തസ്തിക നിർണ്ണയ ഉത്തരവിനെതിരെ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ ഹർജി സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ ഹർജിയിന്മേൽ തീരുമാനമെടുക്കുന്നതിനായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ **WP(C)27583/2022** ഫയൽ ചെയ്യുകയുമുണ്ടായി. പ്രസ്തുത റിട്ട് ഹർജിയിലെ **20.10.2022**-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ടി.വി.ടി.എം ഹൈസ്കൂളിലെ എല്ലാ അദ്ധ്യാപകരെയും നേരിൽ കേൾക്കുകയും **23.12.2022**-ലെ **DDEKLM/4914/2022-B4** നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിൽ പ്രൊബേഷൻ പൂർത്തീകരിച്ചതിനു ശേഷം എടുക്കുന്ന അപ്പന്റിക്സ് **12**എ, **12**ബി, **12**സി പ്രകാരമുള്ള ശൂന്യവേതനാവധികൾ പ്രസ്തുത അവധിയുടെ കാലയളവിൽ മാത്രമാണ് സീനിയോറിറ്റി, സ്ഥാനക്കയറ്റം, ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നിവയ്ക്ക്

പരിഗണിക്കാൻ കഴിയാത്തത് എന്ന് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവായിട്ടുള്ളതാണ്. അക്കാരണത്താൽ **01.06.2011** മുതൽ മാത്രം എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിൽ സേവനം ആരംഭിച്ച ഹർജിക്കാരിയായ ശ്രീമതി.റീത്ത രവീന്ദ്രന് സീനിയോറിറ്റി അവകാശപ്പെടാൻ കഴിയില്ല എന്നും **01.06.2011** മുതൽ മാത്രമേ ടിയാളുടെ സീനിയോറിറ്റി പരിഗണിക്കാൻ കഴിയുകയുള്ളൂവെന്നും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവായിട്ടുള്ളതുമാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **16.11.2022**-ലെ ഇടി1/**3636/2022**/ഡിജിഇ നമ്പർ ഉത്തരവ് പ്രകാരം കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ **18.02.2022**-ലെ ഉത്തരവിനെ ആസ്പദമാക്കിയുള്ള ശ്രീമതി.റീത്ത രവീന്ദ്രന്റെ വാദഗതികൾ നിലനിൽക്കുന്നതല്ല എന്നും അതിനാൽ റീത്ത രവീന്ദ്രന്റെ ഹർജി നിരസിച്ചു കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവായിട്ടുള്ളതാണ്.

ശ്രീമതി.റീത്ത രവീന്ദ്രൻ തസ്തിക നഷ്ടപ്പെട്ടതിനെ തുടർന്ന് തസ്തികയില്ലാതെ നിലനിന്ന കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിക്കുന്നതിനും **20.06.2022**-ലെ സ.ഉ.(അച്ചടി)**7/2022**/പൊവിവ-ന്റെ വെളിച്ചത്തിൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവായിട്ടുള്ളതുമാണ്. **20.06.2022**-ലെ സ.ഉ.(അച്ചടി)**7/2022**/പൊവിവ-ൽ, ഇനി മുതൽ തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകർ തസ്തികയില്ലാതെ പുറത്തുനിൽക്കുന്ന കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവായിട്ടുള്ളതുമാണ്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ ഹർജിക്കാരിയായ ശ്രീമതി.റീത്ത രവീന്ദ്രൻ സർക്കാർ മുമ്പാകെ സമർപ്പിച്ച **30.11.2022**-ലെ ഹർജി പൂർണ്ണമായും അടിസ്ഥാന രഹിതവും ചട്ടങ്ങൾക്ക് വിരുദ്ധവുമായതിനാൽ നിരസിച്ച് ഉത്തരവാകണമെന്നും അപേക്ഷിക്കുന്നു."

4) സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി റീന ചുവടെ പറയുന്ന കാര്യങ്ങൾ അറിയിച്ചിട്ടുണ്ട്-

"ബഹുമാനപ്പെട്ട കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ **18/02/2022**-ലെ **DDEKLM/11639/2021-B4** നമ്പർ ഉത്തരവ് പ്രകാരം വെളിയം റ്റി.വി.റ്റി.എം ഹൈസ്ക്കൂളിലെ അധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് കെ.ഇ.ആർ. അധ്യായം

XIV A ചട്ടം **34** ചട്ടം **37(1)** പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് എനിക്ക് സ്ഥാനക്കയറ്റം ലഭിച്ചത്. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)-ടെ **16/11/2022**-ലെ ഇറ്റി**1/3636/2022**/ഡിജിഇ നമ്പർ നടപടി ഉത്തരവ് പ്രകാരം റദ്ദ് ചെയ്തിരിക്കുകയാണ്. ടി ഉത്തരവിനെതിരെ ഞാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത **WP(C)No.37315/2022**-ലെ **21.11.2022**-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി. ടി റിവിഷൻ ഹർജിയിൽ അന്തിമ തീരുമാനം എടുക്കുന്നതിനായി **17.12.2022**-ന് രാവിലെ **11** മണിക്ക് പൊതുവിദ്യാഭ്യാസ (ബി) വകുപ്പിന്റെ അണ്ടർസെക്രട്ടറി ഗൂഗിൾ മീറ്റ് സംവിധാനം മുഖാന്തരം വാദം കേൾക്കുകയുണ്ടായി. അതിന്റെ അന്തിമ ഉത്തരവ് ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല എന്ന വിവരം വിനയപൂർവ്വം അറിയിക്കുന്നു."

5) വിദ്യാഭ്യാസ ഓഫീസർമാരുടെ സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **05.08.2022**-ലെ ബി**3/45669/2022** നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച വെളിയം റ്റി.വി.റ്റി.എം ഹൈസ്ക്കൂളിന്റെ **2022-2023**-ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ടി സ്ക്കൂളിലെ **VIII, X** ക്ലാസ്സുകളിൽ ഓരോ ഡിവിഷനുകളും അനുബന്ധമായി എച്ച്.എസ്.റ്റി (നാച്വറൽ സയൻസ്), എച്ച്.എസ്.ടി (ഇംഗ്ലീഷ്) എന്നിവയുടെ ഓരോ തസ്തികയിലും കുറവ് വരുകയും ടി തസ്തികകൾ നഷ്ടപ്പെട്ടത് മൂലം ഓരോ വിഭാഗത്തിലും അധികമായി വന്ന ശ്രീമതി.ബിന്ദു കെ.എസ്, എച്ച്.എസ്.ടി.(നാച്വറൽ സയൻസ്), ശ്രീമതി.റീത്ത രവീന്ദ്രൻ എച്ച്.എസ്.ടി(ഇംഗ്ലീഷ്) എന്നിവരെ സംരക്ഷണ ആനുകൂല്യങ്ങൾ നൽകി അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി പുനർവിന്യസിക്കുന്നതിന് ശുപാർശ നൽകുകയും ചെയ്തു. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച ടി സ്കൂളിന്റെ **2022-23**-ലെ തസ്തിക നിർണ്ണയ ഉത്തരവിനെതിരെ ശ്രീമതി.റീത്ത രവീന്ദ്രൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ റിട്ട് ഹർജി നമ്പർ **27583/2022**കേസ് ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ **26.08.2022**-ലെ ഉത്തരവ് പ്രകാരം ടി സ്ക്കൂളിന്റെ തസ്തിക നിർണ്ണയത്തിന് അനുബന്ധമായുള്ള നടപടികൾ **16.09.2022** വരെ സ്റ്റേ

ചെയ്യുകയും ചെയ്തു. തുടർന്ന് **16.09.2022, 29.09.2022, 13.10.2022** തീയതികളിലെ ഉത്തരവുകൾ പ്രകാരം പ്രസ്തുത സ്റ്റേ **19.10.2022** വരെ ദീർഘിപ്പിച്ച് നൽകുകയും ചെയ്തു. പ്രസ്തുത ഹർജിയിന്മേലുള്ള **20.10.2022**-ലെ ബഹു.കേരള ഹൈക്കോടതിയുടെ വിധിന്യായപ്രകാരം എക്സിബിറ്റ് പി4 ഹർജി പരിഗണിക്കുവാനും, പരാതിക്കാരിയേയും, അഞ്ചാം എതിർകക്ഷിയായ വെളിയം റ്റി.വി.റ്റി.എം.ഹൈസ്കൂൾ പ്രഥമാധ്യാപികയേയും നേരിൽ കേൾക്കാൻ അവസരം നൽകി വിധിന്യായത്തിന്റെ പകർപ്പ് ലഭ്യമാക്കിയ തീയതി മുതൽ നാലാഴ്ചയ്ക്കുള്ളിൽ ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും ടി കേസിലെ മൂന്നാം എതിർകക്ഷിയായ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവായിരുന്നു. **20.08.2022**-ലെ (എക്സിബിറ്റ് പി4) ഹർജിയിന്മേൽ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതു വരെ, **2022-2023**-ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരമുള്ള പരാതിക്കാരിയുടെ പുനർവിന്യാസം സംബന്ധിച്ചുള്ള നടപടികൾ സ്റ്റേ ചെയ്തുകൊണ്ട് പുറപ്പെടുവിച്ച ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ **26.08.2022**ലെ ഉത്തരവ് തുടരുന്നതാണെന്ന് വിധിന്യായത്തിൽ വ്യക്തമാക്കിയിരുന്നു.

20.10.2022-ലെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ, പരാതിക്കാരിയുടെ **20.08.2022**-ലെ ഹർജി പരിശോധിച്ചു. വെളിയം റ്റി.വി.റ്റി.എം.ഹൈസ്കൂളിലെ അധ്യാപകരുടെ സീനിയോറിറ്റി നിശ്ചയിച്ചുകൊണ്ട് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ച **18.02.2022**-ലെ **ബി4/11639/2021** നമ്പർ നടപടി ഉത്തരവിന്റെ വെളിച്ചത്തിൽ ഹർജിക്കാരിയുടെ സീനിയോറിറ്റി കണക്കാക്കി മാതൃവിദ്യാലയത്തിൽ നിലനിർത്തുകയും പകരം ജൂനിയറായ അധ്യാപിക ശ്രീമതി.പ്രിയ ബാബു, എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) അധ്യാപികയെ റിടെഞ്ച് ചെയ്യുകയും വേണമെന്നതായിരുന്നു പരാതിക്കാരിയുടെ **20.08.2022**-ലെ ഹർജിയിലെ ആവശ്യം.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ **20.08.2022**-ലെ വിധിന്യായത്തിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി **11.11.2022**-ന് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ വച്ച് പരാതിക്കാരിയായ ശ്രീമതി.റീത്ത രവീന്ദ്രൻ, ടിയാരിയുടെ പ്രതിനിധി, വെളിയം റ്റി.വി.റ്റി.എം.ഹൈസ്കൂൾ പ്രഥമാധ്യാപിക, ശ്രീമതി.പ്രിയ ബാബു, എച്ച്.എസ്.റ്റി

(ഇംഗ്ലീഷ്), ശ്രീമതി.രമ എസ്, എച്ച്.എസ്.റ്റി.(ഗണിതം), കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പ്രതിനിധി എന്നിവരെ നേരിൽ കേൾക്കുകയും, പരാതിക്കാരിയുടെ ഹർജിയിലെ ആവശ്യം ഹിയറിംഗ് സമയത്ത് ഉന്നയിക്കപ്പെട്ട വാദഗതികളുടെയും ഹാജരാക്കിയ രേഖകളുടെയും നിലവിലുള്ള കെ.ഇ.ആർ ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അതിന്മേലുള്ള വിവരങ്ങൾ ഇതോടൊപ്പം ചുവടെ ചേർക്കുന്നു.

1. വെളിയം റ്റി.വി.റ്റി.എം.ഹൈസ്കൂളിലെ ഹൈസ്ക്കൂൾ വിഭാഗം അധ്യാപകരുടെ സീനിയോറിറ്റി നിശ്ചയിച്ചുകൊണ്ട് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ച **18.02.2022**-ലെ **ബി4/11639/2021** നമ്പർ ഉത്തരവ് പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റ് നിലനിർത്തിക്കൊണ്ട് പരാതിക്കാരിയെ സ്കൂളിൽ നിലനിർത്തണമെന്നും, ശ്രീമതി.പ്രിയ ബാബു, എച്ച്.എസ്.റ്റി.(ഇംഗ്ലീഷ്) ജൂനിയറാക്കി പരിഗണിച്ച് പുറത്താക്കണമെന്നുമാണ് ശ്രീമതി.റീത്ത രവീന്ദ്രന്റെ വാദം. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ പുറപ്പെടുവിച്ച **18.02.2022**-ലെ **ബി4/11639/2021** നമ്പർ ഉത്തരവിനെതിരെ ശ്രീമതി.രമ എസ്, എച്ച്.എസ്.റ്റി.(കണക്ക്) പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിവിഷൻ ഹർജിയിൽ പുറപ്പെടുവിച്ച **16.11.2022** **ഇടി1/3636/2022**/ഡിജിഇ നമ്പർ നടപടി ഉത്തരവ് പ്രകാരം കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ **18.02.2022**-ലെ **ബി4/11639/2021** നമ്പർ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ട്. അതിനാൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ **18.02.2022**-ലെ ഉത്തരവിനെ ആസ്പദമാക്കിയുള്ള ശ്രീമതി.റീത്ത രവീന്ദ്രന്റെ വാദഗതികൾ നിലനിൽക്കുന്നതല്ല.

2. പ്രൊബേഷൻ പൂർത്തീകരിച്ചതിന് ശേഷം എടുക്കുന്ന കെ.എസ്.ആർ. പാർട്ട് **I** അപ്പന്റിക്സ് **XII A/B/C** പ്രകാരമുള്ള ശൂന്യവേതന അവധികൾ പ്രസ്തുത അവധിയുടെ കാലയളവിൽ മാത്രമാണ് സീനിയോറിറ്റി, സ്ഥാനക്കയറ്റം, ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജിതാവധി, അർദ്ധവേതനാവധി എന്നിവയ്ക്ക് കണക്കിലെടുക്കാത്തതെന്ന് **30.12.2005**-ലെ **72/2005**/ഫിൻ ധനവകുപ്പിന്റെ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രൊബേഷൻ പൂർത്തീകരിച്ചതിന് ശേഷം എടുക്കുന്ന ശൂന്യവേതന

അവധിക്ക് മുമ്പുള്ള അംഗീകൃത സർവീസ് നഷ്ടപ്പെടുമെന്നോ, സീനിയോറിറ്റിക്ക് പരിഗണിക്കില്ലെന്നോ വ്യക്തമാക്കുന്ന കെ.ഇ.ആർ ചട്ടങ്ങളോ, സർക്കാർ ഉത്തരവുകളോ നിലവിലില്ല.

3. ടി സ്കൂളിലെ എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) അധ്യാപകരായ ശ്രീമതി.പ്രിയാ ബാബു, ശ്രീമതി.റീത്ത രവീന്ദ്രൻ എന്നിവരുടെ തുടർച്ചയായ സർവ്വീസ് ആരംഭിക്കുന്നത് യഥാക്രമം **05.06.2006, 01.06.2011** എന്നീ തീയതികളിലാണ്. പ്രൊബേഷൻ പൂർത്തീകരിച്ചശേഷം ശ്രീമതി.പ്രിയാ ബാബു, കെ.എസ്.ആർ പാർട്ട് **I** അപ്പന്റിക്സ് **XII (C)** പ്രകാരം എടുത്തിട്ടുള്ള ശൂന്യവേതന അവധികൾ ടിയാരിയുടെ എച്ച്.എസ്.റ്റി തസ്തികയിലെ സീനിയോറിറ്റിക്ക് മാറ്റമൊന്നും വരുത്തുന്നില്ല. **05.06.2006** മുതൽ തുടർച്ചയായ സർവ്വീസ് ആരംഭിച്ച ശ്രീമതി.പ്രിയ ബാബു തന്നെയാണ് എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) വിഭാഗത്തിലെ സീനിയർ അധ്യാപിക ആയി നിൽക്കുന്നത്. അതിനാൽ, ടിയാരിയുടെ സീനിയോറിറ്റിയുമായി ബന്ധപ്പെട്ട് പരാതിക്കാരിയായ ശ്രീമതി.റീത്ത രവീന്ദ്രൻ ഉന്നയിച്ചിരിക്കുന്ന വാദഗതികൾ ഒന്നും തന്നെ നിലനിൽക്കുന്നതല്ല.

4. ഒരു അധ്യാപകനെ പിരിച്ചു വിടേണ്ട വിധത്തിൽ ഏതെങ്കിലും വിഭാഗം തസ്തികയിലുള്ള ഒരു ഒഴിവ് അവസാനിക്കുകയാണെങ്കിൽ കെ.ഇ.ആർ. അധ്യായം **14**എ ചട്ടം**1(1)** അനുസരിച്ച് ഡയറക്ടർ നിശ്ചയിച്ചിട്ടുള്ള വിഷയാനുപാതക്രമവും, ഉപചട്ടം **(4)** അനുസരിച്ച് പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും പരിഗണന നൽകിക്കൊണ്ട് ജൂനിയർ അധ്യാപകരെ അപേക്ഷിച്ച് സാധാരണ ഗതിയിൽ സീനിയർ അധ്യാപകരെ നിലനിർത്തേണ്ടതാണെന്ന് കെ.ഇ.ആർ. അധ്യായം **XIV** എ ചട്ടം **51**-ൽ വ്യവസ്ഥ ചെയ്യുന്നു. കെ.ഇ.ആർ. അധ്യായം **XXII** ചട്ടം **12(1)** അനുസരിച്ചുള്ള തസ്തിക നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അധികം അധ്യാപകരുണ്ടെങ്കിൽ അവരിൽ ഏറ്റവും ജൂനിയറായ അധ്യാപകനെ, കെ.ഇ.ആർ അധ്യായം **XIV** എ ചട്ടം **1(1)** അനുസരിച്ച് ഡയറക്ടർ നിശ്ചയിച്ചിട്ടുള്ള വിഷയാനുപാതക്രമവും ഉപചട്ടം **(4)** അനുസരിച്ച് പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും യഥാവിധി കണക്കിലെടുത്തുകൊണ്ട്

പിരിച്ചുവിട്ട് കുറവ് ചെയ്യേണ്ടതാണെന്ന് കെ.ഇ.ആർ അധ്യായം XIVഎചട്ടം 55-ൽ വ്യക്തമാക്കിയിട്ടുണ്ട്.

5. വെളിയം റ്റി.വി.റ്റി.എം.എച്ച്.എസ്.ന്റെ 2022-23-ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം എച്ച്.എസ്.റ്റി.(ഇംഗ്ലീഷ്) തസ്തികകളുടെ എണ്ണം 2-ൽ നിന്നും 1 ആയി കുറയുന്ന സാഹചര്യത്തിൽ, സീനിയറായ ശ്രീമതി.പ്രിയ ബാബു, ആണ് എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തികയിൽ നിലനിൽക്കാൻ അർഹതയുള്ളത്. ടിയാരിയെ സ്കൂളിൽ നിലനിർത്തുകയും, തസ്തിക ലഭ്യമല്ലാത്തതിനാൽ എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) വിഭാഗത്തിലെ ജൂനിയറായ ശ്രീമതി.റീത്താ രവീന്ദ്രന് സംരക്ഷണ ആനുകൂല്യം അനുവദിച്ച് പുനർവിന്യസിക്കുന്നതിന് ശുപാർശ നൽകിയ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 05.08.2022-ലെ ബി3/45669/2022 ചട്ടപ്രകാരമാണെന്നു കാണുന്നു. ടി ഉത്തരവിനെതിരെയുള്ള ടിയാരിയുടെ ഹർജി മേൽ വിശദീകരിച്ച കാരണങ്ങളാൽ നിലനിൽക്കുന്നതല്ല.

മേൽ വസ്തുതകളുടെ വെളിച്ചത്തിൽ ശ്രീമതി.റീത്ത രവീന്ദ്രന്റെ എക്സിബിറ്റ് പി4 ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ അത് നിരസിച്ചുകൊണ്ടും അത്തരത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 20.10.2022-ലെ വിധിന്യായം നടപ്പിലാക്കിക്കൊണ്ടും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 23.12.2022-ലെ DDEKLM/4914/2022ബി4 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2022-23-ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം, സംരക്ഷണ ആനുകൂല്യത്തിൽ പുനർവിന്യസിക്കുന്നതിന് ശുപാർശ ചെയ്തിരുന്ന ശ്രീമതി.റീത്ത രവീന്ദ്രൻ, എച്ച്.എസ്.റ്റി (ഇംഗ്ലീഷ്)നെ കൊല്ലം എസ്.എസ്.കെ.യ്ക്ക് കീഴിലുള്ള സി.ആർ.സി കോർഡിനേറ്ററുടെ ഒഴിവിലേക്ക് താൽക്കാലികമായി പുനർവിന്യസിച്ചുകൊണ്ടും, ടിയാരി തസ്തികയില്ലാതെ നിലനിന്ന കാലയളവ് 20.06.2022-ലെ സ.ഉ.(അച്ചടി)നം.7/2022/പൊ.വി.വ-ന്റെ വെളിച്ചത്തിൽ നോൺ-ഡ്യൂട്ടിയായി ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും സ്കൂൾ പ്രഥമാധ്യാപകനും നിർദ്ദേശം നൽകിക്കൊണ്ടും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവ് നൽകിയിരുന്നു. അതിൻപ്രകാരം ടിയാരി 24.12.2022

പൂർവ്വാഹ്നത്തിൽ വെളിയം ബി.ആർ.സി.യിൽ ജോലിയിൽ പ്രവേശിക്കുകയും, ജോയിനിംഗ് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മേൽ ഖണ്ഡികകളിൽ വിശദീകരിച്ചിട്ടുള്ള കാരണങ്ങളാൽ **2022-23** വർഷം എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തിക നഷ്ടപ്പെട്ടതുമൂലം പുറത്താവുകയും സംരക്ഷണാനുകൂല്യത്തിൽ പുനർവിന്യസിക്കുകയും ചെയ്ത ഹർജിക്കാരിയായ ശ്രീമതി.റീത്താ രവീന്ദ്രനെ മാതൃവിദ്യാലയത്തിൽ നിലവിലുള്ള എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തികയിൽ നിലനിർത്തണമെന്ന ആവശ്യം യാതൊരു വിധ പരിഗണനയും അർഹിക്കുന്നില്ല."

6) സർക്കാർ ഇക്കാര്യം ഹിയറിംഗ് സമയത്ത് ഹാജരാക്കപ്പെട്ട രേഖകൾ, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. **V.Nirmaladevi vs. State of Kerala and others (W.A No.2303/2008)** കേസിൽ **30.11.2009**-ന് ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായവും പരിശോധിക്കുമ്പോൾ ഒരു അദ്ധ്യാപകന്റെ ഒരു ഗ്രേഡിലെ സീനിയോറിറ്റി കണക്കാക്കുന്നതിനുള്ള മാനദണ്ഡം പ്രസ്തുത അദ്ധ്യാപകന്റെ പ്രസ്തുത ഗ്രേഡിലെ തുടർച്ചയായ സേവനമാണ് എന്നും, ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കുന്ന അവധി സീനിയോറിറ്റിയെ ബാധിക്കുകയില്ല എന്നും കാണാവുന്നതാണ്. അവധിയിലായിരിക്കുന്ന സമയത്ത് ഉണ്ടാകുന്ന ഒഴിവുകളിലേക്കുള്ള സ്ഥാനക്കയറ്റങ്ങളെ മാത്രമേ അങ്ങനെയുള്ള അവധി ബാധിക്കൂ. മറ്റ് അവധികളൊന്നും ഇല്ലാത്ത അവസ്ഥയിൽ ഡ്യൂട്ടിയിൽ നിന്ന് വിട്ട് നിന്ന കാലം ക്രമീകരിക്കുന്നതിനായിട്ടാണ് നോൺ ഡ്യൂട്ടിയായി കണക്കാക്കുന്നത്. നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച കാലയളവ് സർവ്വീസ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കാത്ത സാഹചര്യത്തിൽ ക്വാളിഫൈയിംഗ് സർവ്വീസായി കണക്കാക്കുന്നതിന് സാധിക്കുകയില്ല.

7) **20.06.2022**-ലെ സ.ഉ.(അച്ചടി)**7/2022**/പൊവിവ പ്രകാരം ഇനി മുതൽ തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകർ തസ്തിക ഇല്ലാതെ പുറത്തു നിന്ന കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിക്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. അതിനാൽ ശ്രീമതി.റീത്താ രവീന്ദ്രൻ ടിയാരി തസ്തികയില്ലാതെ നിലനിന്ന കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമവൽക്കരിച്ചത് റദ്ദ് ചെയ്യണമെന്ന ആവശ്യം പരിഗണനാർഹമല്ല.

8) ശ്രീമതി.രമ എസ്., ശ്രീമതി.പ്രിയ ബാബു, ശ്രീമതി.റീത്ത രവീന്ദ്രൻ എന്നിവർ എച്ച്.എസ്.ടി.മാരായി വെളിയം റ്റി.വി.റ്റി.എം സ്കൂളിൽ പ്രവേശിച്ചത് യഥാക്രമം **17.10.1992, 05.06.2006, 01.06.2011** തീയതികളിലാണ്. ശ്രീമതി.രമ, ശ്രീമതി.പ്രിയ ബാബു എന്നിവർ എച്ച്.എസ്.ടി തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതിനു ശേഷമാണ് ദീർഘകാല അവധി എടുത്തിട്ടുള്ളത്.

9) സർക്കുലർ നമ്പർ **75/2005/**ധന തീയതി **30.02.2005** പ്രകാരം **KSR Part I Appendix XII A,B,C** പ്രകാരം എടുക്കുന്ന ശൂന്യവേതനാവധി, പ്രസ്തുത അവധിയുടെ കാലയളവിൽ സീനിയോറിറ്റി, സ്ഥാനക്കയറ്റം, ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, ആർജ്ജിതാവധി, അർദ്ധവേതനാവധി എന്നിവയ്ക്ക് കണക്കിലെടുക്കുകയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അവധി അനുവദിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവിലും ഇത്തരം വ്യവസ്ഥകളല്ലാതെ അവധിക്കു മുൻപുള്ള അധ്യാപന പരിചയം സ്ഥാനക്കയറ്റത്തിന് പരിഗണിക്കില്ല എന്ന് വ്യവസ്ഥ ചെയ്യുന്നില്ല. ബഹു. സുപ്രീം കോടതി വിധിയിലും അവധിക്കാലയളവ് മാത്രമാണ് പരിഗണിക്കാൻ കഴിയാത്തത് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

10) മേൽ സാഹചര്യത്തിൽ, വെളിയം റ്റി.വി.റ്റി.എം സ്കൂളിൽ **2022-23** വർഷം എച്ച്.എസ്.ടി(ഇംഗ്ലീഷ്) തസ്തിക നഷ്ടപ്പെട്ടത് മൂലം സംരക്ഷിതാദ്ധ്യാപികയായി പുനർവിന്യസിച്ച ജൂനിയറായ ശ്രീമതി.റീത്ത രവീന്ദ്രനെ മാതൃവിദ്യാലയത്തിൽ നിലവിലുള്ള എച്ച്.എസ്.ടി തസ്തികയിൽ നിലനിർത്തണമെന്ന ആവശ്യം പരിഗണനാർഹമല്ല. ആയതിനാൽ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ **16.11.2022**-ലെ ഉത്തരവ് റദ്ദ് ചെയ്ത് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ **18.02.2022**-ലെ ഉത്തരവ് നിലനിർത്തി ഉത്തരവാകണമെന്ന ആവശ്യം നിരസിച്ച് ഹർജിക്കാരി ഫയൽ ചെയ്ത **E x t . P 6** ഹർജി തീർപ്പാക്കി അപ്രകാരം വെളിയം റ്റി.വി.റ്റി.എം.എച്ച്.എസ്.ലെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ശ്രീമതി.റീത്താ രവീന്ദ്രൻ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)No.2087/2023**-ന്റെ **03.02.2023**-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ.ഉ.(സാധാ) നം.4123/2023/GEDN

ശ്രീജ വി
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം

മാനേജർ, റ്റി.വി.റ്റി.എം. ഹൈസ്കൂൾ, വെളിയം, കൊട്ടാരക്കര

ഹെഡ് മാസ്റ്റർ, റ്റി.വി.റ്റി.എം. ഹൈസ്കൂൾ, വെളിയം, കൊട്ടാരക്കര

ശ്രീമതി.റീത്താ രവീന്ദ്രന്, എച്ച്.എസ്.റ്റി(ഇംഗ്ലീഷ്), റ്റി.വി.റ്റി.എം. ഹൈസ്കൂൾ, വെളിയം, കൊട്ടാരക്കര

ശ്രീമതി.രമ എസ്., എച്ച്.എസ്.ടി(ഗണിതം), ടി.വി.ടി.എം. ഹൈ സ്ക്കൂൾ, വെളിയം, കൊല്ലം

ശ്രീമതി.പ്രിയ ബാബു, എച്ച്.എസ്.ടി(ഇംഗ്ലീഷ്) , ടി.വി.ടി.എം. ഹൈസ്ക്കൂൾ, വെളിയം, കൊല്ലം

ശ്രീമതി.രശ്മി വി.ജി., എച്ച്.എസ്.ടി, ടി.വി.ടി.എം. ഹൈസ്ക്കൂൾ, വെളിയം, കൊല്ലം

വിവര പൊതുജന സമ്പർക്ക (വെബ്സ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 14-07-2023 10:13:06

സെക്ഷൻ ഓഫീസർ